സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്ട്രോംഗ് റൂം ഗാർഡ് തസ്തികയിലെ നിയമനം - ശാരീരികക്ഷമത പരീക്ഷ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 7373/22/Est-1** നന്തൻകോട്, 07/07/2026

---

പരാമർശം :- (1) 01/02/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
(2) ദേവസ്വം കമ്മീഷണറുടെ 29/01/2026 ലെ ROC. 16321/18/Est-B നമ്പർ റിപ്പോർട്ട്
(3) ലാ ആഫീസറുടെ റിമാർക്സ്
(4) 17/03/2026 ലെ മേൽ നമ്പർ കത്ത്
(5) സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)ന്റെ 22/05/2026 ലെ CT.06/26/TDB/VIG നമ്പർ റിപ്പോർട്ട്

## ഉത്തരവ്

സ്ട്രോംഗ്റൂം ഗാർഡ് തസ്തികയുടെ യോഗ്യതയിൽ നേരിട്ടുള്ള നിയമനത്തിന് 'pass in physical efficiency test' എന്നത് കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പരാമർശം 1)

സ്ട്രോംഗ്റൂം ഗാർഡുമാരുടെ നേരിട്ടുള്ള നിയമനത്തിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 29/01/2026 ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ശാരീരിക ക്ഷമത പ്രദിപാദിച്ചിട്ടില്ലാത്തതാണെന്നും ആശ്രിത നിയമനം, ക്ലാസ് 4 ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റം എന്നിവ നൽകുമ്പോൾ ശാരീരിക ക്ഷമത പരീക്ഷ നടത്തേണ്ടതുണ്ടോ/ഇല്ലയോ എന്നുള്ള വിഷയത്തിൽ നിയമ വിഭാഗത്തിന്റെ അഭിപ്രായം കൂടി ആരാഞ്ഞ് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു.(പരാമർശം 2)

ശാരീരിക ക്ഷമത പരീക്ഷ ഒരു നിർബന്ധിത മാനദണ്ഡമായി ഇതുവരെ പരിഗണിച്ചിട്ടില്ലായെന്നും സ്പെഷ്യൽ റൂളിലെ 6(1)a Category No. 31 Coloum (3) ൽ കായികക്ഷമത മാനദണ്ഡങ്ങൾ പരാമർശിച്ചിട്ടുള്ളതും ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് ഉൾപ്പെടുത്തേണ്ടതുള്ള പക്ഷം ഏതൊക്കെ

ടെസ്റ്റുകളാണ് നടത്തേണ്ടതെന്നും അതിന്റെ ഘടകങ്ങൾ എന്തൊക്കെയാണെന്നും പ്രത്യേകം വ്യക്തമാക്കേണ്ടതുണ്ടെന്നും എന്നാൽ മാത്രമേ ആയത് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളു എന്നും ആയതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടില്ലായെന്നും ലാ ആഫീസർ അഭിപ്രായപ്പെട്ടു.(പരാമർശം 3)

സ്ട്രോംഗ് റൂം ഗാർഡ് തസ്തികയിലെ നിയമനത്തിന് ശാരീരിക ക്ഷമത പരീക്ഷ നടത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും ഉൾപ്പെടുത്തേണ്ട പക്ഷം ഏതൊക്ക ടെസ്റ്റുകൾ അവയുടെ മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കിയും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) -ന് നിർദ്ദേശം നൽകി. (പരാമർശം 4)

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അമൂല്യ വസ്തുക്കൾ സൂക്ഷിക്കുന്ന സ്ട്രോംഗ്റൂമിന്റെ സുരക്ഷ ചുമതലയിലുള്ള ഉദ്യോഗസ്ഥർക്ക് നല്ല ശാരീരികക്ഷമത ഉണ്ടായിരിക്കേണ്ടതിനാൽ ഇവരെ തെരഞ്ഞെടുക്കുമ്പോൾ മറ്റ് uniform force ൽ ഉള്ള രീതിയിലും മുൻപ് ദേവസ്വം ബോർഡിൽ സ്ട്രോംഗ്റൂം ഗാർഡ്സിനെ തെരഞ്ഞെടുത്ത രീതിയിലും ഉള്ള കായികക്ഷമതാ പരീക്ഷ നിർബന്ധമാക്കേണ്ടതാണെന്നും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ 27.11.2019 ലെ നോട്ടിഫിക്കേഷനിൽ ചുവടെ വിവരിക്കുന്ന വൺ സ്റ്റാർ സ്റ്റാൻഡേർഡിലുള്ള കായിക ക്ഷമത പരീക്ഷ യോഗ്യത മാനദണ്ഡമായിരുന്നുവെന്നും (8 ഇനങ്ങളിൽ 5 എണ്ണം പാസ്സായിരിക്കേണ്ടതാണ്)അപ്രകാരമുള്ള കായിക ക്ഷമത പരീക്ഷ മാനദണ്ഡമായി ഉൾപ്പെടുത്താവുന്നതാണെന്നും വിവരിച്ച് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) -ന്റെ റിപ്പോർട്ട് ലഭിച്ചു (പരാമർശം 5).

| നം | ഇനം | വൺ സ്റ്റാർ സ്റ്റാൻഡേർഡ് |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 സെന്റീമീറ്റർ |
| 3 | ലോങ് ജമ്പ് | 457.20 സെന്റീമീറ്റർ |
| 4 | ഷോട്ട്പുട്ട് (7264 ഗ്രാം) | 609.60 സെന്റീമീറ്റർ |
| 5 | ത്രോയിംഗ് ദ ക്രിക്കറ്റ് ബോൾ | 6096 സെന്റീമീറ്റർ |
| 6 | റോപ് ക്ലൈമ്പിങ് (കൈകൾ മാത്ര ഉപയോഗിച്ച്) | 365.80 സെന്റീമീറ്റർ |
| 7 | പുൾ അപ്പ്/ചിന്നിങ്ങ് | 8 പ്രാവശ്യം |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

മേൽ വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) -ന്റെ ശുപാർശ അംഗീകരിച്ച് സ്ട്രോംഗ്റൂം ഗാർഡ് തസ്തികയുടെ യോഗ്യതയിൽ മേൽ വിവരിച്ചിട്ടുളള 8 ഇനങ്ങളിൽ 5 എണ്ണം പാസ്സായിരിക്കണം എന്ന രീതിയിൽ Physical Efficiency Test കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് ബോർഡുത്തരവാകുന്നു.

സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനായി സർക്കാരിലേക്ക് നൽകുന്നതിന് തീരുമാനിച്ചും ഉത്തരവാകുന്നു.

സ്ട്രോംഗ് റൂം ഗാർഡ് തസ്തികയിലെ നിയമനത്തിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ നിലവിലുളള സ്പെഷ്യൽ റൂൾ അനുസരിച്ച് ഈ തസ്തികയിലെ നിയമനങ്ങൾ നടത്തുന്നതിന് അനുവദിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ഐ.റ്റി.ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK